# പുതുമഴ

ഇടവത്തിൽ മഴ ഇടവഴി നീളെ

**.ഹയർ സെക്കൻററി സ്കൂൾ,അഞ്ചേരി**

**മഴപ്പതിപ്പ് (എൽ പി വിഭാഗം)**

**കുഞ്ഞുമനസ്സകളിൽ പെയ്തിറങ്ങിയ അക്ഷര മഴ**

മഴ പെയ്താൽ പുഴയറിയും

കുട്ടായീടെ മഴ!!!


പര പരാ പര പരാ   പുലരും നേരത്തു
ചറ പറ പെയ്യും മഴയത്തു
ചട പട  ചാടി നടന്നല്ലോ
കുടയില്ലാത്തൊരു കുട്ടായി
കറു കറെ നേരമിരുണ്ടപ്പോൾ
കിടു കിടെ കിടു കിടെ വിറയായി
ചുടു ചുടു ചുടു ചുടു പനിയായി
അടിമുടി മൂടി കുട്ടായി



വിഷ്ണു 3 എ

## ചാറ്റൽ മഴ


മഴ മഴ മഴ മഴ മഴ വന്നു
ചാറി പോകാൻ വരുന്നുണ്ടേ
കുടയും ചൂടി വരുന്നുണ്ടേ
ചാറ്റൽ മഴയും വരുന്നുണ്ടേ
മഴ മഴ മഴ മഴ മഴ വന്നു
അരുവിയും പുഴകളും നിറയുന്നു



**വൈഗ**

## മൂന്നു ചങ്ങാതിമാർ

ഒരിടത്തു ഒരു കടലുണ്ടായിരുന്നു .ആ കടലിൽ മൂന്നു മീനുകൾ ഉണ്ടായിരുന്നു .മൂന്നു പേരും  നല്ല കൂട്ടുകാരായിരുന്നു .ഒരു ദിവസം അവർക്ക് ഒരു വിവരം കിട്ടി ..അവിടെ മീൻ പിടുത്തക്കാർ വരുന്നു എന്ന് ..അവർ വല്ലാതെ പേടിച്ചു.ഒന്നാമൻ പറഞ്ഞു നാളെ മീൻ പിടുത്തക്കാർ വരില്ലേ ..രണ്ടാമൻ പറഞ്ഞു അഥവാ വന്നാൽ ഞാൻ ഇവിടുന്നു പോകും .മൂന്നാമൻ പറഞ്ഞു വലയിൽ വീണാൽ ഞാൻ ആ വല പൊട്ടിക്കും .അടുത്ത ദിവസം മീൻ പിടുത്തക്കാർ വന്നു.ഒന്നാമനെ അവർ പിടിച്ചു .രണ്ടാമൻ അവിടെ നിന്ന് ദൂരെ പോയി. വലയിലായ മൂന്നാമൻ വല പൊട്ടിച്ചു.അങ്ങനെ കൂട്ടുകാരായ മൂന്നു പേരും മൂന്നു ദിക്കിലായി...




താര ഗായത്രി





## ഉത്സവ മഴ

മഴ മഴ മഴ മഴ മഴ വന്നു
മാനത്തിന്നൊരു മഴ വന്നു
മലയുടെ മുകളിൽ തങ്ങാതെ
മാളിക മുകളിൽ തങ്ങാതെ
മഴ മഴ മഴ മഴ  മഴ വന്നു
മാനത്തിന്നൊരു മഴ വന്നു
മിഴികൾക്കുത്സവമായ മഴ വന്നു



രഹിത  എം ആർ 3എ

## മഴ മഴ മഴ മഴ മഴ വന്നേ

മഴ മഴ മഴ മഴ മഴ വന്നേ
ഒരു മഴ ചെറു മഴ പുതിയ മഴ
നല്ലൊരു പുള്ളിക്കുടയും ചൂടി
മഴയത്തൂടെ  നടന്നല്ലോ ഞാൻ
പേക്രോം പേക്രോം തവളകൾ പാടി
മീനുകളെല്ലാം തുള്ളിച്ചാടി
ഹ ഹ എന്തൊരു മഴയാണിത്
നടന്നു രസിക്കാൻ കൊതിയായി

രോഹിത എം ആർ 3 എ

## ചെറു മഴ



മഴ മഴ മഴ മഴ മഴ വന്നു
മാനത്തിന്നൊരു മഴ വന്നു
മലയുടെ മുകളിൽ തങ്ങാതെ
മാളിക മുകളിൽ തങ്ങാതെ
മഴ മഴ മഴ മഴ  മഴ വന്നു
മാനത്തിന്നൊരു മഴ വന്നു
മിഴികൾക്കുത്സവമായ് മഴ വന്നു
പുതു മൺമണമായ് മഴ വന്നൂ..

**വരുൺ**

## മഴ മഴ മഴ മഴ മഴ മഴ

മഴ മഴ മഴ മഴ മഴവന്നൂ
ചറ പറ ചറ പറ  മഴ വന്നൂ
മഴയത്തൂടെ നടന്നൂ ഞാൻ
കുടയും ചൂടി നടന്നു ഞാൻ
പുള്ളി കുടയും ചൂടി നടന്നു ഞാൻ
സ്കൂളിലേക്ക് പോയി ഞാൻ
കാളി വഞ്ചികൾ കണ്ടു ഞാൻ
ഇടിയുടെ ശബ്ദം കേട്ടപ്പോൾ
ഓടിയൊളിച്ചു വീട്ടിൽ ഞാൻ




ഏയ്ഞ്ചൽ

## അപ്പുവും പട്ടവും


അപ്പു കൂട്ടുകാരോടൊപ്പം പട്ടം പറത്തുകയായിരുന്നു ശക്തമായ കാറ്റ് വന്നപ്പോൾ പട്ടം ഉയർന്നു പൊങ്ങാൻ തുടങ്ങി.അപ്പു പിന്നാലെ ഓടി പട്ടമേ നില്ക്ക് നില്ക്ക് ഞാനും വരുന്നു...ഞുൻ നിന്റെ പുറത്തു കയറിക്കോട്ടെ, പട്ടം സമ്മതിച്ചു.അപ്പു പട്ടത്തിൽ കയറി ഉയരത്തിലേക്ക് പറക്കാൻ തുടങ്ങി.അപ്പു ചുറ്റും കണ്ണോടിച്ചു മനോഹരമായ കാഴ്ചകൾ.. താഴെ കൊച്ചു കൊച്ചു വീടുകൾ നിറയെ മരങ്ങൾ ഇട തൂർന്നു നിൽക്കുന്നു .മൈതാനത്തു കുട്ടികൾ കളിക്കുന്നത് ചെറുതായി കാണുന്നു.ഹായ് എന്ത് രസം പട്ടം പറന്നു കൊണ്ടിരുന്നു .പെട്ടെന്നൊരു കാറ്റ് വന്നു. പട്ടം താഴെ വീഴാൻ തുടങ്ങി.പട്ടമേ എന്നെ താഴെ ഇറക്ക്.ഞാൻ ഇപ്പോൾ വീഴും, പട്ടം കേൾക്കുന്നില്ലെന്ന് അപ്പുവിന് മനസ്സിലായി.അപ്പു പട്ടത്തിൽ നിന്നും ഒറ്റ ചാട്ടം,താഴെ വീണു.അയ്യോ എഴുന്നേൽക്കാൻ മേലാ ..അവൻ ഉറക്കെ നിലവിളിച്ചു.ആളുകൾ ഓടി വന്നു,അവനെ എഴുന്നേൽപ്പിച്ചു.അപ്പു നോക്കുമ്പോൾ പട്ടം നദിയിലൂടെ ഒഴുകി പോകുന്നു തീരുമാനിച്ചു ഇനി വേണ്ടാത്ത കാര്യങ്ങൾ ചെയ്യില്ല.

ശ്രീഹരി ജി



## ഇടി വെട്ടുന്നെ മഴ പെയ്യുന്നെ

കാറ്റും വീശി മരം കുലുങ്ങുന്നേ
എന്റെ കൂട് കുലുങ്ങുന്നേ
തീറ്റ തേടി പോയെന്റമ്മ വന്നില്ലല്ലോ
അക്കരെ വീട്ടിൽ വിരുന്ന് പോയ അച്ഛനും വന്നില്ലല്ലോ
പാറിപ്പോവും പറവകളെ നീയെന്നമ്മയെ കണ്ടെങ്കിൽ
പാറിപ്പോവും പറവകളെ നീയെന്നച്ഛനെ
കണ്ടെങ്കിൽ
ഒത്തിരി വേഗം തിരിച്ചു വരാൻ ഒന്ന് പറയാമോ
ഒത്തിരി വേഗം തിരിച്ചു വരാൻ ഒന്ന് പറയാമോ
ഇടി വെട്ടുന്നെ മഴ പെയ്യുന്നെ
എൻ കൂട് കുലുങ്ങുന്നേ



ഫിദ ഫാത്തിമ



മൂന്നാം ക്ലാസ്സ് ലൈബ്രറി